മെരിറ്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ ഫീസ് ഘടനയും ആനുകൂല്യവും

22 [*139] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ്ജ്:

ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിൽ മെറിറ്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് മറ്റു ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ നൽകുന്ന അതേ ഫീസ് ബാധകമാണെന്ന് കോടതിവിധി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിധിക്ക് എന്നു മുതലാണ് പ്രാബല്യമുള്ളത്;

(സി) ഈ വിധിയുടെ ഫലമായി സ്വാശ്രയ കോളേജുകളിൽ മെരിറ്റ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികൾ പ്രതിവർഷം എന്തു തുക ഫീസ് കൊടുക്കേണ്ടതായി വരും;

(ഡി) ഗവൺമെന്റ് എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളേക്കാൾ കൂടുതലായി ഇവർ നൽകേണ്ടതായി വരുന്ന ഫീസ്, ഫീസാനുകൂല്യമായി നൽകണമെങ്കിൽ എന്തു തുകയുടെ കമ്മിറ്റ്മെന്റ് ഉണ്ടാകുമെന്ന് പറയാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഒരു കോഴ്സിന് രണ്ട് ഫീസ് പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്.

(ബി) ഈ വിധി 2004-2005 അദ്ധ്യയന വർഷത്തേക്കാണ് താൽക്കാലികമായി ബാധകമാക്കിയിരിക്കുന്നത്.

(സി) ഈ വിധിപ്രകാരം സ്വാശ്രയ കോളേജുകളിൽ ഗവൺമെന്റ് ക്വാട്ടയിൽ പ്രവേശനം കിട്ടിയ വിദ്യാർത്ഥികൾ പ്രതിവർഷം നൽകേണ്ട ഫീസ് ഇപ്രകാരമാണ്:

	കോഴ്സ്	*തുക*
1.	എഞ്ചിനീയറിംഗ്	38,700
2.	എം.ബി.ബി.എസ്.	1,13,000
3.	ബി.ഡി.എസ്.	76,000
4.	ബി.എ.എം.എസ്.	45,500
5.	ബി.എസ്.എം.എസ്.	40,500
6.	ബി.എസ്സി. നഴ്സിംഗ്	49,400
7.	ബി.ഫാം.	35,000

ഇതുകൂടാതെ എല്ലാ കോഴ്സുകൾക്കും പരമാവധി 10,000 രൂപ കോഷൻ ഡിപ്പോസിറ്റായി നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളേക്കാൾ കൂടുതലായി ഇവർ നൽകേണ്ടതായി വരുന്ന ഫീസ്, ഫീസാനുകൂല്യമായി നൽകണമെങ്കിൽ ഉണ്ടാകാവുന്ന തുകയുടെ ബാദ്ധ്യത സംബന്ധിച്ച വിവരം കോഴ്സ് അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു. എസ്.സി./എസ്.ടി./ഒ.ഇ.സി വിഭാഗത്തിലുള്ളവരുടെ ഫീസ്, റി-ഇംബേഴ്സ് ചെയ്യേണ്ടതിനാൽ ആ കണക്കുകൾ പ്രത്യേകം കാണിച്ചിരിക്കുന്നു. (2004-ലെ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ)

	കോഴ്സ്	എസ്.സി./എസ്.റ്റി./ ഒ.ഇ.സി. വിഭാഗത്തിലുള്ളവരുടെ എണ്ണം	മറ്റു വിഭാഗത്തിലുള്ളവർ	കൂടുതലായി നൽകേണ്ട തുക
1.	എഞ്ചിനീയറിംഗ്	644	..	2,15,74,000
		..	4756	15,93,26,000
2.	എം.ബി.ബി.എസ്.	40	..	40,44,600
		..	362	3,66,03,630
3.	ബി.ഡി.എസ്.	17	..	10,89,955
		..	151	96,81,365
4.	ബി.എ.എം.എസ്.	14	..	6,11,870
		..	125	54,63,125
5.	ബി.എസ്.എം.എസ്.	3	..	1,16,115
		..	17	6,57,985
6.	ബി.എസ്സി. നഴ്സിംഗ്	116	..	47,22,360
		..	684	2,78,45,640
7.	ബി.ഫാം.	78	..	20,52,180
		..	303	79,71,930
	ആകെ			28,17,60,755

പാലങ്ങളുടേയും കലുങ്കുകളുടേയും പുനർനിർമ്മാണ നടപടി

23 [*140] ശ്രീ. സാജു പോൾ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സുരക്ഷിതമല്ലാത്ത പാലങ്ങളേയും കലുങ്കുകളേയും കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly